## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2458    18.06.2014-ൽ മറുപടിക്ക്

### തൃശ്ശൂർ കുറ്റിപ്പുറം റോഡിലെ പൈപ്പ് പൊട്ടൽ

| ചോദ്യം<br>ശ്രീ.ബാബു എം.പാലിശ്ശേരി | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| --- | --- |
| (എ) തൃശ്ശൂർ കുറ്റിപ്പുറം പി.ഡബ്ല്യു.ഡി റോഡിലെ പാറേമ്പാടം മുതൽ കുന്നംകുളം വരെയുള്ള ഭാഗത്തെ റോഡിനടിയിലൂടെയുള്ള വാട്ടർ അതോറിറ്റിയുടെ കാലപ്പഴക്കം ചെന്ന പ്രിമോ പൈപ്പുകൾ നിരന്തരം പൊട്ടുന്നതും റോഡിൽ കുഴികൾ ഉണ്ടായി വാഹനാപകടങ്ങൾ ഉണ്ടാകുന്നതും കുടിവെള്ളക്ഷാമം ഉണ്ടാകുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി എത്ര കോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളത് ; | (ബി) 2013 -14 ൽ 316 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. |

(സി) വളരെ ഗതാഗതത്തിരക്കുള്ള ഈ റോഡ് പൈപ്പ് പൊട്ടുന്നതുമൂലം തകരുന്നതും കുടിവെള്ള ക്ഷാമം ഉണ്ടാകുന്നതും പരിഹരിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം തുക അനുവദിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

(സി) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും പ്രോപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ